**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1174** **07-12-2022 - ൽ മറുപടിയ്ക്ക്**

**തഴക്കര കന്നിവേൽ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ തഴക്കര കന്നിവേൽ കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | **തഴക്കര കന്നിമേൽ കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി കേരളാ ജല അതോറിറ്റി 1,40,00,000/- (ഒരു കോടി നാൽപത് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. തഴക്കര ഗ്രാമപഞ്ചായത്ത് വിവിധ പ്രവർത്തികൾക്ക് അടച്ചിരുന്ന Rs.99,99,500/- (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി അഞ്ഞൂറ് രൂപ) രൂപയുടെ ബാക്കി തുകയായ Rs.40,00,500 (നാൽപത് ലക്ഷത്തിൽ അഞ്ഞൂറ് രൂപ) 28.01.2022, 29.01.2022 തീയതികളിലായി പഞ്ചായത്ത് ജല അതോറിറ്റിയിൽ അടക്കുകയും ആകെ 1,40,00,000 (ഒരു കോടി നാൽപത് ലക്ഷം) രൂപയുടെ എഗ്രിമെൻറ് 31.01.2022 ൽ തഴക്കര പഞ്ചായത്തും ജലഅതോറിറ്റിയും തമ്മിൽ നടത്തുകയുമുണ്ടായി. 24.03.2022 ൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുകയും 04.04.2022 ൽ സമർപ്പിക്കത്തക്കവിധം ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ഓഫറുകൾ ലഭിക്കാത്തതിനാൽ ദർഘാസ് സമർപ്പിക്കേണ്ട തീയതി 11.04.2022 ലേക്കും, 20.04.2022 ലേക്കും തുടർന്ന് 27.04.2022 ലേയ്ക്കും നീട്ടി നൽകുകയുണ്ടായി. തുടർന്നും കരാറുകാർ പങ്കെടുക്കാതിരുന്നതിനാൽ 28.04.2022 ൽ ദർഘാസ് റദ്ദ് ചെയ്യുകയും 28.04.2022 ൽ പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ഇതിൻ പ്രകാരം ദർഘാസ് സമർപ്പിക്കേണ്ട തീയതി 10.05.2022 ൽ ആയിരുന്നു. പുനർ ദർഘാസിലും ഓഫറുകൾ ഒന്നും ലഭിക്കാതിരുന്നതിനാൽ തുടർന്ന് ദർഘാസ് സമർപ്പിക്കേണ്ട തീയതി 17.05.2022-ലേയ്ക്ക് നീട്ടി നൽകിയെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുത്തില്ല. ഇപ്പോൾ എസ്റ്റിമേറ്റ് PRICE-3 യിലേയ്ക്ക് മാറ്റിക്കൊണ്ട് ദർഘാസ് ക്ഷണിക്കുന്നതിനുള്ള പ്രവൃത്തി നടന്നു വരുന്നു.** |
| (ബി) | തഴക്കര കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനും | (ബി) | **ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി** |

| | | | |
|---|---|---|---|
| | സ്ഥലം ഏറ്റെടുക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | **തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കുമായി അച്ചൻ കോവിൽ നദിയിൽ കിണറും കേരള വാട്ടർ അതോറിറ്റി മാവേലിക്കര സബ്ബ് ഡിവിഷൻ ഓഫീസ് കോമ്പൗണ്ടിൽ 30MLD ശുദ്ധീകരണശാലയും, ഉന്നതതല ജലസംഭരണികളും, വിതരണ ശൃംഖലകളും ഉൾപ്പെടുത്തി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഇതിൽ ചെട്ടികുളങ്ങര, തഴക്കര എന്നീ പഞ്ചായത്തിലെ പ്രവൃത്തികൾ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചെട്ടികുളങ്ങര പഞ്ചായത്തിന് 81.49 കോടി രൂപയും തഴക്കര പഞ്ചായത്തിന് 78.41 കോടി രൂപയും ഭരണാനുമതി നൽകി. ടി പഞ്ചായത്തുകളിൽ തഴക്കര ഗ്രാമ പഞ്ചായത്ത് ജലസംഭരണി നിർമ്മാണത്തിനായുള്ള സ്ഥലം കൈമാറി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ നടന്നു വരുന്നു. ടി പഞ്ചായത്തുകളിലെ പ്രവൃത്തികൾ കരാർ നൽകി ഉടൻ ആരംഭിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ